പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 240 1.4.2013 ലെ മറുപടിക്ക്

## വിജ്ഞാൻ വാടികൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. വി.ഡി. സതീശൻ<br>ശ്രീ.ജോസഫ് വാഴക്കൻ<br>ശ്രീ. കെ. മുരളീധരൻ<br>ശ്രീ. വി.പി. സജീന്ദ്രൻ | | ശ്രീ. എ.പി.അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| എ) വിജ്ഞാൻവാടികളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; | എ) | വിജ്ഞാൻവാടി പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ പട്ടികജാതി കോളനികളിൽ സാംസ്കാരിക നിലയത്തിൽ ഇന്റർനെറ്റ് സംവിധാനത്തോടെയുള്ള കമ്പ്യൂട്ടറും, ലൈബ്രറിയും, റീഡിംഗ് റൂമും ഉൾപ്പെടെ വിജ്ഞാൻവാടി സ്ഥാപിക്കുക വഴി കോളനി നിവാസികൾക്ക് പ്രത്യേകിച്ച് വിദ്യാർത്ഥികളിലും ഉദ്യോഗാർത്ഥികളിലും വായനാശീലം വളർത്തുകയും ഇന്റർനെറ്റ് പോലുള്ള നൂതന സാങ്കേതിക വിദ്യ പരിചയപ്പെടുത്തുകയും ചെയ്യുക എന്നതാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം.<br>സ്വന്തമായി കെട്ടിടമില്ലാത്തതും, 500 സ്ക്വയർ ഫീറ്റ് വിസ്തൃതിയിൽ കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ സ്ഥല സൗകര്യമുള്ളതുമായ കോളനികളിൽ കെട്ടിടം നിർമ്മിച്ച് അവിടെ വിജ്ഞാൻവാടി സ്ഥാപിക്കുക എന്നതാണ് രണ്ടാം ഘട്ട പദ്ധതിയുടെ ഉദ്ദേശ്യം. |
| ബി) എല്ലാ പഞ്ചായത്തിലും സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുള്ള വിജ്ഞാൻ വാടികളുടെ നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ; | ബി) | വിജ്ഞാൻവാടിയുടെ രണ്ടാം ഘട്ടത്തിൽ 520 കോളനികളുടെ വിവരം കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷന് നിർമ്മാണത്തിനായി നൽകിയിട്ടുണ്ട്. ആയതിന്റെ പുരോഗതി വിവരം ചുവടെ ചേർക്കുന്നു. |

| | | |
|---|---|---|
| | | പണിപൂർത്തിയാക്കിയവ : 6<br>അനുമതി നൽകിയവ : 37<br>ടെൻഡർ നൽകിയവ : 141<br>സ്ഥലം ലഭ്യമല്ലാത്തവ : 197<br>സ്ഥലം ലഭ്യമാണെങ്കിലും പഞ്ചായത്ത്/റവന്യൂ വകുപ്പുകളുടെ അനുമതി ലഭിക്കാത്തവ : 34<br>സ്ഥലം പരിശോധിക്കാത്തവ : 99<br>നിലവിലുള്ള കെട്ടിടം വിജ്ഞാൻ വാടിയ്ക്കായി ഉപയോഗിക്കാവുന്നവ : 6 |
| സി) ഇതിനകം എത്ര പഞ്ചായത്തുകളിൽ വിജ്ഞാൻ വാടികൾ സ്ഥാപിച്ച കഴിഞ്ഞു; | സി) | വിജ്ഞാൻവാടിയുടെ ഒന്നാം ഘട്ടത്തിൽ 70 നിയോജക മണ്ഡലങ്ങളിലെ ഓരോ കോളനികളിൽ വീതം വിജ്ഞാൻവാടി സ്ഥാപിക്കുന്നതിനായി അനുമതി നൽകിയിട്ടുണ്ട്; ഇതിൽ 69 എണ്ണം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| ഡി) സ്ഥാപിച്ചവയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; | ഡി) | വിജ്ഞാൻവാടിയുടെ പ്രവർത്തനത്തിന് നേതൃത്വം നൽകുന്നത് കോളനിയിലെ വിദ്യാർത്ഥികൾ, ഉദ്യോഗാർത്ഥികൾ എന്നിവരിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട ഒരു കമ്മിറ്റിയാണ്. പ്രസ്തുത കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ, ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലെ വാർഡ് മെമ്പർ, എസ്.സി. പ്രൊമോട്ടർ പട്ടികജാതി വികസന ആഫീസർ എന്നിവരുടെ മേൽ നോട്ടത്തിലുമാണ്. പ്രസ്തുത കമ്മിറ്റി വിജ്ഞാൻ വാടിയുടെ പ്രവർത്തനങ്ങൾ വിലയിരുത്താറുണ്ട്. |
| ഇ) എങ്കിൽ നിലവിലുള്ള അപര്യാപ്തതകൾ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ? | ഇ) | നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന വിജ്ഞാൻ വാടികളുടെ അപര്യാപ്തത ഒന്നും തന്നെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ